നടപടിത്തീർപ്പ്

ജീവനക്കാര്യം -ഭാരതീയ ചികിത്സാ വകുപ്പ് - എറണാകുളം ജില്ല - ശബരിമല സന്നിധാനത്ത് നിരോധനാജ്ഞ ലംഘിച്ചതിനാൽ പോലീസ് കസ്റ്റഡിയിലായ മലയാറ്റൂർ ഗവ . ആയുർവേദ ഡിസ്പെൻസറിയിലെ ഫാർമസിസ്റ്റ് ഗ്രേഡ് II (ഹ.ഗ്രേ) ശ്രീ രാജേഷ് ആർ -നെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ജില്ലാ മെഡിക്കൽ ഓഫീസ്

ഡി- 8790/2018 (ഭാരതീയ ചികിത്സാ വകുപ്പ്) എറണാകുളം തീയതി :20/11/201

---

പരാമർശം: 1 ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ 19/11/2018 ലെ ഇ 2-52130/18 നമ്പർ കത്ത്
2 സന്നിധാനം പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടറുടെ പ്രഥമ വിവര റിപ്പോർട്ട് നം 21/18 തീയതി. 19/11/2018

മലയാറ്റൂർ ഗവ. ആയുർവേദ ഡിസ്പെൻസറിയിലെ ഫാർമസിസ്റ്റ് ഗ്രേഡ് II (ഹ.ഗ്രേ) ശ്രീ. രാജേഷ് ആർ , ബഹു. പത്തനംതിട്ട ജില്ലാ കളക്ടറുടെ നിരോധനാജ്ഞ ലംഘിച്ച് ശബരിമല സന്നിധാനത്ത് 18/11/2018 -ൽ നടന്ന അനിഷ്ട സംഭവങ്ങളിൽ ഉൾപ്പെട്ട് പോലീസ് കസ്റ്റഡിയിലാവുകയും തുടർന്ന് 14 ദിവസത്തേക്ക് റിമാന്റ് ചെയ്യപ്പെടുകയും ചെയ്തിട്ടുള്ളതായി മേൽ പരാമർശം ഒന്ന് പ്രകാരം ബഹു . ഭാരതീയ ചികിത്സാ വകുപ്പ് മേധാവി അറിയിക്കുകയും ടിയാനെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്ത് നടപടി സ്വീകരിക്കുവാൻ നിർദ്ദേശിക്കുകയുമുണ്ടായി.

സർക്കാർ സർവ്വീസിലിരിക്കുന്ന ഒരു ഉദ്യോഗസ്ഥൻ സർക്കാർ വിരുദ്ധ പ്രവർത്തനങ്ങൾ നടത്തുകയും ക്രമസമാധാന നില തകർക്കുന്ന വിധം പ്രവർത്തിക്കുകയും ചെയ്യുന്നത് ഗുരുതരമായ കുറ്റമായതിനാൽ വകുപ്പ് മേധാവിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലും കേരള സർക്കാർ ജീവനക്കാരുടെ ശിക്ഷണ നടപടി സംബന്ധിച്ച മാന്വൽ ഖണ്ഡിക 16(4) -ലെ പരാമർശമനുസരിച്ചും. ചുവടെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

## **ഉത്തരവ്**

ശബരിമല സന്നിധാനത്ത് നിരോധനാജ്ഞ ലംഘിച്ച് സംഘം ചേർന്ന് ക്രമസമാധാന നില തകർക്കുകയും ഡ്യൂട്ടിയിലുണ്ടായിരുന്ന പോലീസ് ഉദ്യോഗസ്ഥരുടെ കൃത്യ നിർവഹണം തടസ്സപ്പെടുത്തുവാൻ ശ്രമിക്കുകയും ചെയ്തു എന്ന കേസിൽ ഒന്നാം പ്രതിയായി 19/11/2018, 1.45 Am ന് പോലീസ് കസ്റ്റഡിയിലാവുകയും തുടർന്ന് 14 ദിവസത്തേക്ക് റിമാന്റിലാകുകയും ചെയ്തിട്ടുള്ള മലയാറ്റൂർ ഗവ. ആയുർവേദ ഡിസ്പെൻസറിയിലെ ഫാർമസിസ്റ്റ് ഗ്രേഡ് II (ഹ.ഗ്രേ) ശ്രീ രാജേഷ് ആർ നെ 1960 -ലെ കേരള സിവിൽ സർവീസുകൾ (തരം തിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിലെ ചട്ടം 10 അനുസരിച്ച് 19/11/2018 മുതൽ പ്രാബല്യത്തിൽ വരത്തക്ക വിധം അന്വേഷണ വിധേയമായി സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്ത് ഇതിനാൽ ഉത്തരവായിരിക്കുന്നു.

ശ്രീ. രാജേഷിന് KSR റൂൾ 55 പാർട്ട് I പ്രകാരം അനുവദനീയമായ ഉപജീവന ബത്തക്ക് അർഹതയുണ്ടായിരിക്കുന്നതാണ്

ഡോ. ആർ ഉഷ
ജില്ലാ മെഡിക്കൽ ഓഫീസർ
(ഭാരതീയ ചികിത്സാ വകുപ്പ്) എറണാകുളം

പകർപ്പ്

1. ശ്രീ. ആർ രാജേഷ് (മെഡിക്കൽ ഓഫീസർ മുഖാന്തിരം)
2. മെഡിക്കൽ ഓഫീസർ , ഗവ. ആയുർവേദ ഡിസ്പെൻസറി, മലയാറ്റൂർ
3. ഡയറക്ടർ (ഉപരി പത്രം സഹിതം)
4. ഇ 3 സീറ്റ്
5. എസ്. എസ്/ജെ.എസ്/ എച്ച്.സി
6. ഫയൽ/സ്റ്റോക്ക് ഫയൽ